ഏഴാം പഞ്ചവത്സര പദ്ധതിയിൽ നിർദ്ദേശിച്ചിട്ടുള്ള പുതിയ പദ്ധതികൾ:—

(1) ഒരോ വർഷവും 2 ലക്ഷം ഹെക്ടറിൽ കൃഷിയിറക്കുന്നതിനാവശ്യമായ അത്യുൽപ്പാദന ശേഷിയുള്ള നെൽവിത്തിനങ്ങളുടെ വിതരണം നടത്തുന്നതിനു വേണ്ടി താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കാനുദ്ദേശിക്കുന്നു

1. വിത്തുൽപ്പാദന തോട്ടങ്ങളുടെ ഉൽപ്പാദന ശേഷി വർദ്ധിപ്പിക്കുന്നതിനായി ആന്തരിക സംവിധാനങ്ങൾ മെച്ചപ്പെടുത്തുക.

2. വിത്തുൽപ്പാദനതോട്ടങ്ങളിലും പരമ്പരാഗതമായി നെൽകൃഷി നടത്തുന്ന പ്രദേശങ്ങളിലും അംഗീകൃത വിത്തുൽപ്പാദകർ മുഖേന വിത്തുൽപ്പാദിപ്പിച്ച് വിതരണം നടത്തുക.

3. അത്യുൽപ്പാദന ശേഷിയുള്ള നെൽ വിത്തിനങ്ങൾ നാഷണൽ സീഡ് കോർപ്പറേഷൻ മുഖേനയും മറ്റു അംഗീകൃത ഏജൻസികൾ മുഖേനയും ശ്രമിച്ചു വിതരണം നടത്തുക.

(2) സംസ്ഥാനത്തെ ശരാശരി നെല്ലുൽപ്പാദനത്തിൽ നിന്നും കുറഞ്ഞ വിളവു ലഭിക്കുന്ന താലൂക്കുകളിൽ മണ്ണു പരിശോധനയുടെ അടിസ്ഥാനത്തിൽ 50% സാമ്പത്തിക സഹായത്തോടെ അത്യുല്പാദന ശേഷിയുള്ള വിത്തിനങ്ങൾ, രാസവളങ്ങൾ, സസ്യസംരക്ഷണത്തിനുള്ള രാസവസ്തുക്കൾ മുതലായവ വിതരണം ചെയ്യുക. (ഒരു ഹെക്ടറിനു പരമാവധി 250 രൂപ ക്രമത്തിൽ സഹായ ധനം നൽകി)

(3) ഇടുക്കി, വയനാട് തുടങ്ങിയ ഉയർന്ന പ്രദേശങ്ങളിൽ നെൽകൃഷി വ്യാപിക്കുന്നതിനുവേണ്ടി ജലസേചനം മെച്ചപ്പെടുത്തുക, നീർവാർച്ച സൗകര്യങ്ങൾ മെച്ചപ്പെടുത്തുക. തണുപ്പ് അതിജീവിക്കുവാൻ കഴിവുള്ള നെൽവിത്തിനങ്ങളുടെ അഡാപ്റ്റീവ് ട്രയലുകൾ സംഘടിപ്പിക്കുക മുതലായ പരിപാടികൾ ഉൾപ്പെടുത്തികൊണ്ടുള്ള ഒരു പദ്ധതി.

(4) കള നിയന്ത്രണ പരിപാടി.

മേൽപറഞ്ഞ പദ്ധതികളാണ് 7-ാം പദ്ധതി കാലത്ത് നെല്ലുൽപ്പാദനം വർദ്ധിപ്പിക്കാൻ നടപ്പിലാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ.

തൊട്ടിൽപാലത്ത് ഒരു മാവേലിസ്റ്റോർ

1238. [1681] ശ്രീ. കെ. ടി. കുണാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

(എ) തൊട്ടിൽപാലം എന്ന സ്ഥലത്ത് ഒരു മാവേലിസ്റ്റോർ സ്ഥാപിക്കുന്നതിനുള്ള അപേക്ഷ ഇതേവരെ പരിഗണിക്കാതിരിക്കുന്നതിന് കാരണം എന്താണ് ;

(ബി) ഈ വരുന്ന ഓണത്തിന് മുൻപ് തൊട്ടിൽ പാലത്ത് ഒരു മാവേലിസ്റ്റോർ സ്ഥാപിക്കാൻ നടപടികൾ സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) തൊട്ടിൽപാലം എന്ന സ്ഥലത്ത് മാവേലിസ്റ്റോർ സ്ഥാപിക്കണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള അപേക്ഷ ലഭിച്ചിട്ടില്ല.

(ബി) ഗ്രാമപ്രദേശങ്ങളിലെ മാവേലിസ്റ്റോറുകളും നടത്തികൊണ്ടു പോകാൻ ഭരണപരമായ ബുദ്ധിമുട്ടുകളും ഉള്ളതുകൊണ്ട് ഗ്രാമപ്രദേശങ്ങളിൽ മാവേലിസ്റ്റോറുകളും സ്ഥാപിക്കാതിരിക്കുക എന്നതാണ് നയം. ആയതിനാൽ തൊട്ടിൽപാലത്ത് മാവേലിസ്റ്റോർ സ്ഥാപിക്കാൻ നിർവാഹമില്ല.

നാട്ടിക ഫർക്കാ കോ-ഓപ്പറേറ്റീവ് ബാങ്ക് നടത്തിയിരുന്ന റേഷൻ മൊത്തവ്യാപാരം

1239. [1682] ശ്രീ. കെ. പി. പ്രഭാകരൻ :
,, എം. കെ. കേശവൻ :
ഡോ. എ. സുബ്ബറാവു :
ശ്രീ. കെ. ടി. കണാരൻ :
,, കെ. ഇ. ഇസ്മയിൽ :
,, പി. കുമാരൻ :
ശ്രീമതി. ഭാർഗ്ഗവി തങ്കപ്പൻ :
ശ്രീ. കെ. വി. സുരേന്ദ്രനാഥ് :
,, കെ. ടി. കുമാരൻ :
,, കാനം രജേന്ദ്രൻ :
,, കെ. ആർ. ചന്ദ്രമോഹനൻ :
,, വി. കെ. രാജൻ :
,, കെ. പി. അരവിന്ദാക്ഷൻ :
,, സി. പി. മൂസ്സാൻകുട്ടി :
,, ടി. കെ. അബ്ദു :
,, കോലിയക്കോട് എൻ. കൃഷ്ണൻനായർ :
,, എൻ. ചന്ദ്രശേഖരക്കുറുപ്പ് : താഴെകാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നാട്ടിക ഫർക്ക കോ-ഓപ്പറേറ്റീവ് റൂറൽ ബാങ്ക് നടത്തിവന്നിരുന്ന റേഷൻ മൊത്തവ്യാപാരം വിജിച്ചു ഒരുഭാഗം സ്വകാര്യവ്യക്തിക്ക് നൽകിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആർക്കാണ് ;

(ബി) ഇങ്ങിനെ സ്വകാര്യവ്യക്തിയെ ഏൽപ്പിക്കാനുണ്ടായ കാരണമെന്ത് ;

LIBRARY ARCHIVES Kerala Legislative Assembly